"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസ് - കിച്ചൻ മേട്ടി തസ്തിക- ശ്രീ. സരീഷ് എൻ - തുടർച്ചാനുമതി സാധൂകരിച്ചും - തുടരുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.338/2024/TSM തീയതി,തിരുവനന്തപുരം, 11-07-2024

---

പരാമർശം:-
1. 18.08.2020-ലെ സ.ഉ.(സാധാ) നം. 278/2020/ടൂറിസം.
2. 19.06.2021-ലെ സ.ഉ.(സാധാ) നം. 172/2021/ടൂറിസം.
3. 25.08.2022-ലെ സ.ഉ.(സാധാ) നം. 285/2022/ടൂറിസം.
4. 27.07.2023-ലെ സ.ഉ.(സാധാ) നം. 369/2023/ടൂറിസം.
5. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 08.02.2024-ലെ DOT/9299/2023-E5 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ഗസ്റ്റ് ഹൗസിലെ കിച്ചൻ മേട്ടി തസ്തികയിലെ ഒഴിവിൽ ശ്രീ. സരീഷ് എൻ 0.11.2019 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുകയും പരാമർശം (1) മുതൽ (4) ടിയാന് പ്രസ്തുത തസ്തികയിൽ തുടർച്ചാനുമതി നൽകിവരികയുമാണ്. പരാമർശം (4) പ്രകാരം ടിയാനെ 31.12.2023 വരെയോ അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിര നിയമനം നടക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ തുടരുന്നതിന് അനുമതി നൽകിയിരുന്നു.

(2) കണ്ണൂർ ഗസ്റ്റ് ഹൗസിലെ കിച്ചൻ മേട്ടി തസ്തികയിലെ ഒഴിവ് കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും കണ്ണൂർ ഗസ്റ്റ് ഹൗസിൽ തിരക്ക് ക്രമാതീതമായി കൂടി വരുന്ന സാഹചര്യത്തിൽ തൃപ്തികരമായി ജോലി ചെയ്യുന്ന ശ്രീ. സരീഷ് എൻ നെ

**03.01.2024** മുതൽ വീണ്ടും മാനേജർ നിയമിച്ചിരുന്നുവെന്നും ശ്രീ. സരീഷ് എൻ നെ **03.01.2024** മുതൽ സ്ഥിരനിയമനം/ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതനാടിസ്ഥാനത്തിലുള്ള താത്കാലിക നിയമനം നടക്കുന്നതുവരെ നിലനിർത്തുന്നതിനുള്ള അനുമതി നൽകണമെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ കിച്ചൻ മേട്ടി തസ്തികയിലെ ജീവനക്കാരന്റെ സേവനം അനിവാര്യമായതിനാൽ പ്രസ്തുത തസ്തികയിലെ ഒഴിവിൽ ശ്രീ. സരീഷ് എൻ നെ **03.01.2024** മുതൽ തുടരാൻ നൽകിയ അനുമതി സാധൂകരിച്ചും **03.01.2024** മുതൽ **179** ദിവസത്തേക്കോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ തുടരുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീ. സരീഷ് എൻ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം ബി) വകുപ്പ് [04.05.2024 ലെ 2727591/വ്യയം-ബി2/92/2024-ധന. നമ്പർ റിമാർക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/46/2024-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 11-07-2024 17:12:44
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്